മാധ്യമം
05 November 2025




സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന നാലാമത് ആഗോള മറൈൻ സിംപോസിയം 'മീകോസ് 4' ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ് ഉദ്ഘാടനം ചെയ്യുന്നു

# ഉപഗ്രഹാധിഷ്ഠിത സമുദ്രപഠനം അനിവാര്യം -ഡോ. എസ്. സോമനാഥ്

**കൊച്ചി:** ശാസ്ത്രമേഖലയിലെ ഗവേഷണ സംവിധാനങ്ങളിൽ ഉപഗ്രഹാധിഷ്ഠിത സമുദ്രപഠനം അനിവാര്യമാണെന്ന് ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ്. നാലാമത് ആഗോള മറൈൻ സിംപോസിയം (മീകോസ് 4) കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സി.എം.എഫ്.ആർ.ഐയുമായി സഹകരിച്ച് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് മൂന്നുദിവസത്തെ സിംപോസിയം സംഘടിപ്പിക്കുന്നത്. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾചറൽ റിസർച്ച് (ഐ.സി.എ.ആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു. മാലിന്യ സംസ്കരണം ഇന്ത്യയുടെ പ്രധാന മുൻഗണന വിഷയമാണെന്ന് കേന്ദ്ര വിദേശകാര്യ ജോയന്റ് സെക്രട്ടറി സി.എസ്.ആർ. റാം പറഞ്ഞു. നാല് പതിറ്റാണ്ടിലേറെയായി ഫിഷറീസ് സമുദ്രകൃഷി (മാരികൾചർ) മേഖലക്ക് നൽകിയ മികച്ച സംഭാവനകൾ പരിഗണിച്ച് പ്രമുഖ സമുദ്ര ശാസ്ത്രജ്ഞൻ ഡോ. ജി. ഗോപകുമാറിന് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ നാലാമത് ഡോ. എസ്. ജോൺസ് സ്മാരക പുരസ്കാരം സമർപ്പിച്ചു.

ഡോ. പി. കൃഷ്ണൻ, ഡോ. ചെർദ്സാക് വിരാപക്, ഡോ. ബിജയ് കുമാർ ബെഹ്റ, തൊഡ്ഡു വെങ്കടസ്വാമി, ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ഗ്രിൻസൺ ജോർജ് എന്നിവർ സംസാരിച്ചു.